# Athmaraksha.org

ലുത്തിനിയ

## യേശുനാമ ലുത്തിനിയാ-Litany




### യേശുനാമ ലുത്തിനിയാ

ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല (അപ്പ. 4, 12).

(പ്രാർത്ഥന തുടങ്ങുന്നതിനുമുമ്പ് ആകാശത്തിൻ കീഴിൽ വേറൊരുനാമമില്ലല്ലോ എന്ന ഗാനം എല്ലാവരും ചേർന്ന് ആലപിക്കുന്നത് നല്ലതാണ്).

ഗാനം
ആകാശത്തിൻ കീഴിൽ വേറൊരു
നാമമില്ലല്ലോ-യേശുനാമമല്ലാതെ യേശുനാമമല്ലാതെ
മാനവ രക്ഷയ്ക്കുഴിയിൽ വേറൊരു
നാമമില്ലല്ലോ- യേശുനാമമല്ലാതെ യേശുനാമമല്ലാതെ

പറുദീസായിൽ ദൈവം തന്നൊരു
രക്ഷാവാഗ്ദാനം- യേശുനാഥനല്ലയോ
പ്രവാചകൻമാർ മുന്നേ ചൊന്നൊരു
രക്ഷാ സന്ദേശം- യേശുനാഥനല്ലയോ

ദൈവം മാനവ രക്ഷയ്ക്കായി
തന്നൊരു നാമമേ യേശുവെന്നൊരു നാമമേ
ഭൂലോകങ്ങൾ മുട്ടുമടക്കും
ഉന്നത നാമമേ, യേശുവെന്നൊരു നാമമേ

മറ്റൊരുവനിലും രക്ഷയില്ല
യേശുവിലല്ലാതെ, ഏകരക്ഷകനവനല്ലോ
യേശുവിലുള്ളൊരു വിശ്വാസത്താൽ

രക്ഷവരിച്ചീടാം, നിത്യരക്ഷവരിച്ചീടാം

വഴിയും സത്യവും ജീവനുമേശു
മാത്രമല്ലയോ-പരനേ മദ്ധ്യസ്ഥൻ
താതന്നരികിൽ, ചെല്ലാനുള്ളൊരു
വഴിയല്ലോ യേശു ഏകവഴിയല്ലോ യേശു

'യേശുവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു' എന്ന് ഏറ്റു ചൊല്ലുക
പ്രവാചകൻമാരാൽ പ്രവചിക്കപ്പെട്ട ഈശോയെ!
ദാവീദിന്റെ പുത്രനായ ഈശോയെ!
ദൈവസുതനായ ഈശോയെ!
പരിശുദ്ധാത്മാവിനാൽ ജനിച്ച ഈശോയെ!
കന്യാമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച ഈശോയെ!
മനുഷ്യനായി അവതരിച്ച ഈശോയെ!
പാപമൊഴികെ മനുഷ്യന്റെ എല്ലാ ബലഹീനതകളും സ്വീകരിച്ച ഈശോയെ!
ത്രിത്വത്തിലെ രണ്ടാമത്തെയാളായ  ഈശോയെ!
സത്യദൈവമായ ഈശോയെ!
നിത്യജീവനായ ഈശോയെ!
ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ജനിച്ച ഈശോയെ!
മാലാഖമാരാൽ സ്തുതിക്കപ്പെട്ട ഈശോയെ!
ആട്ടിടയൻമാരും ജ്ഞാനികളും സന്ദർശിച്ച ഈശോയെ!
മാതാപിതാക്കൾക്ക് കീഴ്‌വഴങ്ങിയ ഈശോയെ!
ദൈവീകജ്ഞാനത്തിൽ വളർന്ന ഈശോയെ!
ഹെറോദേസിനാൽ പീഡിപ്പിക്കപ്പെട്ട ഈശോയെ!
നസ്രത്തിൽ വളർന്നുവന്ന ഈശോയെ!
യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിച്ച ഈശോയെ!
പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഈശോയെ!
വചനത്തിൽ പിശാചിനെ തോൽപ്പിച്ച ഈശോയെ!
വെള്ളം വീഞ്ഞാക്കിയ ഈശോയെ!
ഉപവസിച്ച് പ്രാർത്ഥിച്ച ഈശോയെ!
തളർവാതരോഗിയെ സൗഖ്യപ്പെടുത്തിയ ഈശോയെ!
കുഷ്ഠരോഗികളെ സൗഖ്യപ്പെടുത്തിയ ഈശോയെ!
ക്ഷമിക്കാൻ പഠിപ്പിച്ച ഈശോയെ!
പാപികളോട് ക്ഷമിച്ച ഈശോയെ!
അധികാരികളാൽ പീഡിപ്പിക്കപ്പെട്ട ഈശോയെ!
വഴിയും സത്യവും ജീവനുമായ ഈശോയെ!
സത്യവാതിലായ ഈശോയെ!
ലോകത്തിന്റെ പ്രകാശമായ ഈശോയെ!
നല്ല ഇടയനായ ഈശോയെ!
ഉത്ഥിതനായ ഈശോയെ!
പാപികളെ വിളിക്കാൻ വന്ന ഈശോയെ!
അദ്ധ്വാനിക്കുന്നവരേയും ഭാരം വഹിക്കുന്നവരേയും ആശ്വസിപ്പിക്കുന്ന ഈശോയെ!
കടലിനുമീതെ നടന്ന ഈശോയെ!
മരിച്ച ലാസറിനെ ഉയിർപ്പിച്ച ഈശോയെ!
അനുകമ്പയുള്ള ഈശോയെ!
അപ്പം വർദ്ധിപ്പിച്ച ഈശോയെ!
പിതാവിന്റെ ഇഷ്ടം അന്വേഷിച്ച ഈശോയെ!
പരിശുദ്ധാത്മാവാകുന്ന സുവിശേഷം അറിയിച്ച ഈശോയേ!
ശിഷ്യൻമാരുടെ കാലുകൾ കഴുകിയ ഈശോയെ!

ദിവ്യബലി സ്ഥാപിച്ച ഈശോയേ!
ഗദ്സമേനിയിൽ ചോര വിയർത്ത ഈശോയെ!
കുറ്റം ചെയ്യാതെ മരണത്തിന് വിധിക്കപ്പെട്ട ഈശോയെ!
കുരിശു വഹിച്ച ഈശോയെ!
കുരിശിൽ മരിച്ച ഈശോയെ!
പരിഹസിക്കപ്പെട്ട ഈശോയെ!
പാപപ്പരിഹാര ബലിയായ ഈശോയെ!
മൂന്നാംദിനം ഉത്ഥിതനായ ഈശോയെ!
പത്രോസാകുന്ന പാറയിൽ സഭയെ സ്ഥാപിച്ച ഈശോയെ!
അപ്പസ്തോലൻമാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ച ഈശോയെ!
സ്വർഗ്ഗാരോഹണം ചെയ്ത ഈശോയെ!
വാനമേഘങ്ങളിൽ വീണ്ടും വരാനിരിക്കുന്ന ഈശോയെ!
ഏറ്റവും ശക്തിയായ നാമമുള്ള ഈശോയെ!
അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഈശോയെ!

ഈശോയെ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു (3 പ്രാവശ്യം)

+++